**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6266** **10-11-2021 - ൽ മറുപടിയ്ക്ക്**

**കോളിച്ചാൽ-ചെറുപുഴ റോഡ് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ മലയോര ഹൈവേയുടെ ഭാഗമായ കോളിച്ചാൽ-ചെറുപുഴ റോഡിനായി ഊരാളുങ്കൽ സൊസൈറ്റിക്ക് ഏഴ് കോടി രൂപ അധികമായി അനുവദിച്ചിട്ടും പ്രവൃത്തി പുനരാരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇത് എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ? | (എ) | കോളിച്ചാൽ ചെറുപുഴ എന്ന റോഡ് പ്രവൃത്തിയ്ക്ക് 07/06/2018 – ൽ 82 കോടിയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്ന് ലഭിച്ചു. 82 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകി കരാർ നമ്പർ 83/PWD013-16/PD/MU-KRFB/2018-19 പ്രകാരം 05/03/2019 – ൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ- ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് കരാർ നൽകി. എന്നാൽ കെ.എസ്.ഇ.ബി യുടെയും കെ.ഡബ്ല്യൂ.എ യുടെയും യുട്ടിലിറ്റി ഷിഫ്റ്റിംഗിന്റെ അധികരിച്ച എസ്റ്റിമേറ്റ് തുക, ജലനിധി പൈപ്പ് ലൈൻ മാറ്റുന്ന പ്രവൃത്തി, വനം ഭൂമി വിട്ടുകിട്ടുന്നതിനുള്ള ഫണ്ട്, 12% ജി.എസ്.റ്റി എന്നിവയ്ക്കുള്ള തുക എന്നിവ കൂടി ഉൾപ്പെടുത്തുന്നതിനായി 89.24 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി 18/08/2021 – ൽ കിഫ്ബി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ നീട്ടികൊടുത്ത കാലാവധി 30/11/2021 – ആണ്. കോളിച്ചാൽ - ചെറുപുഴ മലയോര ഹൈവേയിൽ വനഭൂമിയൊഴിച്ചുള്ള നിർമ്മാണ പ്രവൃത്തനങ്ങൾ ഇപ്പോൾ അവസാന ഘട്ടത്തിലാണ്. പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിന് വനഭൂമി ലഭ്യമാക്കേണ്ടതുണ്ട്. വനഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി വനം വകുപ്പിന്റെ പരിവേഷ് പോർട്ടൽ വഴി 10,02,350/- രൂപ കെ.ആർ.എഫ്.ബി കൈമാറിയിട്ടുണ്ട്. വനം വകുപ്പിൽ നിന്നുള്ള അനുമതി ലഭിച്ചാലുടൻ വനഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ കൂടി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ